ജമാഅത്തെ ഇസ്‌ലാമിക്ക് അമ്പത് വയസ്സ് പൂർത്തിയാകുന്ന അവസരത്തിൽ പ്രബോധനം വാരിക ഒരു സ്പെഷൽ പതിപ്പ് പുറത്തിറക്കുന്നതായറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്.

ഉപഭൂഖണ്ഡത്തിൽ ആഗസ്ത് 26-നാണ് ജമാഅത്തെ ഇസ്‌ലാമി രൂപീകരിക്കപ്പെടുന്നത്. അതിനുശേഷം ഈ രാജ്യത്തും ലോകത്തും ഒരുപാട് മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇസ്‌ലാമിക പ്രസ്ഥാനത്തിന് തന്നെ ഒട്ടേറെ പരീക്ഷണങ്ങളെ നേരിടേണ്ടി വന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവയെല്ലാം വിജയകരമായി തരണം ചെയ്തിരിക്കുന്നു. ഈ അനുഗ്രഹത്തിന് അല്ലാഹുവിനോട് ഞാൻ നന്ദിയുള്ളവനാണ്. നിങ്ങളും അവനോട് നന്ദി പ്രകാശിപ്പിക്കണം.

ആദ്യമായി നാം നമ്മെത്തന്നെ ഒന്നു വിലയിരുത്തേണ്ടതാണ്. നമുക്ക് ലഭിച്ച ഈ അവസരത്തെ നാം യഥാവിധി പ്രയോജനപ്പെടുത്തിയിട്ടുണ്ടോ? എവിടെയൊക്കെ എന്തൊക്കെ വീഴ്ചയാണ് നമുക്ക് പറ്റിയിട്ടുള്ളത്? ഈ വിലയിരുത്തലിന് ശേഷം അല്ലാഹുവിനോട് മാപ്പപേക്ഷിച്ചുകൊണ്ട് നമ്മുടെ കഴിവുകളത്രയും ഇഖാമത്തുദ്ദീനിന്റെയും സത്യസാക്ഷ്യനിർവഹണത്തിന്റെയും മാർഗത്തിൽ ചെലവഴിക്കുവാൻ പ്രതിജ്ഞ പുതുക്കണം. അല്ലാഹു നമ്മുടെ വിചാരങ്ങളെയും കർമങ്ങളെയും വീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നും അവയ്ക്കനുസരിച്ചാണ് വിചാരണ നാളിൽ രക്ഷാശിക്ഷകളുണ്ടാവുകയെന്നും നാം ഓർക്കേണ്ടതുണ്ട്.

കേരള ഹൽഖമാത്രമല്ല, ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തകരും ഈ അവസരം ഫലപ്രദമായി പ്രയോജനപ്പെടുത്തുമെന്ന് എനിക്ക് പ്രത്യാശയുണ്ട്. പൂർണ്ണമായ മനസ്സാന്നിദ്ധ്യത്തോടെ ഉത്തരവാദിത്വ നിർവഹണത്തിന് അവർ മുന്നോട്ടുവരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

അവസാനമായി അല്ലാഹുവിനോട്, നമ്മുടെ വീഴ്ചകൾ പൊറുത്തുതരേണമേയെന്നും നമ്മുടെ എളിയ പ്രവർത്തനങ്ങളെ കൈക്കൊണ്ട് വിജയവും അനുഗ്രഹവും തന്നരുളേണമേയെന്നും ഞാൻ പ്രാർഥിക്കുന്നു.

സിറാജുൽ ഹസൻ

അമീർ, ജമാഅത്തെ ഇസ്‌ലാമി ഹിന്ദ്